# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.690** **29.05.2019 ൽ മറുപടിയ്ക്ക്**

### സൗര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തോമസ് ചാണ്ടി** | **ശ്രീ. എം. എം. മണി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തിന്റെ നിലവിലുള്ള സോളാർ ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ച് നടപ്പിലാക്കി വരുന്ന സൗരപദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ? | (എ) കെ.എസ്.ഇ.ബി.എൽ. ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ 1000 മെഗാവാട്ട് വൈദ്യുതി ലക്ഷ്യമിടുന്നു.<br><br>ഈ പദ്ധതിയിൽ 2,78,258 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. രജിസ്റ്റർ ചെയ്ത മുഴുവൻ ഉപഭോക്താക്കളേയും നേരിൽ സന്ദർശിച്ച് രജിസ്ട്രേഷൻ സമയത്ത് രേഖപ്പെടുത്തിയ വിവരങ്ങളിൽ പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാനും കെട്ടിടത്തിന്റെ പുരപ്പുറത്ത് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിലേയ്ക്ക് സാങ്കേതിക സാദ്ധ്യത ഉറപ്പു വരുത്തുന്നതിനുമുള്ള ടെക്നിക്കൽ സർവ്വേ ഇപ്പോൾ നടന്നു വരുന്നു. ഇതിനോടകം 2,07,000 ഫീൽഡ് സർവ്വേകൾ പൂർത്തീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ